

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മതിലകം ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി9)1241/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 04/10/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മതിലകം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
അസി.ഡെവലപ്മെന്റ് കമ്മീഷണർ, തൃശ്ശൂർ
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി9)1241/2023 തീയ്യതി: 04/10/2023

തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2023 മുതൽ 30-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. സുധാദാസ്	ജോയിന്റ് ഡയറക്ടർ	05-07-2023	11-07-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
05-07-2023	11-07-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ശിവൻ പി.എ, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ.)
ശ്രീ. ജോമോൻ ഇ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ബിന്ദു സി.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സിജോ തോമസ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സി കെ ഗിരിജ	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീമതി എം എസ് വിജയ	സെക്രട്ടറി	01-04-2022	02-12-2022
ശ്രീ.അംബ്രോസ് മൈക്കിൾ. കെ	സെക്രട്ടറി	03-12-2022	11-01-2023
ശ്രീ.ജിനീഷ് കെ.സി	സെക്രട്ടറി	12-01-2023	12-02-2023
ശ്രീമതി.രേണുക. കെ.ഡി	സെക്രട്ടറി	13-02-2023	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.അനില മാത്യു	കൃഷി അസി.ഡയറക്ടർ	01-04-2022	31-03-2023
ശ്രീ.സന്തോഷ്. എം പി	അസി.എക്സി.എഞ്ചിനീയർ	01-04-2022	31-03-2023
ശ്രീമതി. ബിന്ദു എം.യു	അസി.എഞ്ചിനീയർ	01-04-2022	31-03-2023
ഡോ. സാന്ര	മെഡിക്കൽ ഓഫീസർ,സി.എച്ച്.സി പെരിഞ്ഞനം	01-04-2022	31-03-2023
ശ്രീ. ഗിരീഷ്കുമാർ പി	പട്ടികജാതി വികസന ഓഫീസർ	01-04-2022	31-03-2023
ശ്രീമതി.ലളിത. കെ.കെ	ശിശുവികസന പദ്ധതി ഓഫീസർ	01-04-2022	31-03-2023
ശ്രീമതി.രമ്യ. പി	ക്ഷീര വികസന ഓഫീസർ	01-04-2022	15-06-2022
ശ്രീമതി.സ്മിത ജെയിംസ് പി	ക്ഷീര വികസന ഓഫീസർ	16-06-2022	19-07-2022
ശ്രീമതി.വിധുബാല എസ്	ക്ഷീര വികസന ഓഫീസർ	20-07-2022	31-03-2023
ശ്രീ.അഷേൽ ജെയിംസ്	വ്യവസായ വികസന ഓഫീസർ	01-04-2022	10-10-2022
ശ്രീ. മനോജ് ടി (ചാർജ്)	വ്യവസായ വികസന ഓഫീസർ	11-10-2022	07-11-2022
ശ്രീമതി.സ്വപ്ന പി.എൻ	വ്യവസായ വികസന ഓഫീസർ	08-11-2022	19-01-2023

ശ്രീ.വിനോദ് കുമാർ	വ്യവസായ വികസന ഓഫീസർ	20-01-2023	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല	1-1-1
3	ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് നെഗറ്റീവ് ബാലൻസ് കാണിക്കുന്നു	1-1-2
4	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-1-3
5	ബാങ്ക് റീ കൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല	1-1-4
6	സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല	1-1-5
7	Deposit Register, Advance Register എന്നിവ എഴുതി സൂക്ഷിക്കുന്നില്ല	1-1-6
8	ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-7
9	ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തുന്നില്ല	1-1-8
10	ജേണൽ വൗച്ചറുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല	1-1-9
11	ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല	1-1-10
12	സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല	1-1-11
13	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല	1-1-12
14	ക്യാപ്പിറ്റൽ കോൺടിബ്യൂഷൻ കൃത്യമല്ല	1-1-13
15	"280000000-Prior Period Item"- വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല	1-1-14
16	ബജറ്റ്	1-2
17	സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)	1-3
18	ഫണ്ട് വിനിയോഗം - എ.സി.ആർ പ്രകാരം	1-4
19	പദ്ധതി അവലോകനം	1-5
20	ക്യാഷ് ബാലൻസ് പരിശോധന	1-6
21	ആഭ്യന്തര നിയന്ത്രണം	1-7
22	വാടക കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്	1-8
23	പൊളിച്ചുമാറ്റിയ സാമഗ്രികൾ-പുനരുപയോഗം/ലേലവിവരം അറിയിക്കേണ്ടതാണ്	1-9

24	പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല	1-10
25	ഡീസൽ ജനറേറ്റർ സ്ഥാപിക്കൽ-നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചില്ല	1-11
26	കോൺഫറൻസ് ഹാൾ അടിസ്ഥാന സൗകര്യം ഒരുക്കൽ - അപാകങ്ങൾ	1-12
27	മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്	1-13
28	ജൈവവള നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല	1-14
29	ബഡ്സ് സ്കൂൾ - സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കേണ്ടതാണ്	1-15
30	പി.എം.എ.വൈ പദ്ധതി ഭവനനിർമാണം പൂർത്തീകരിച്ചില്ല	1-16
31	സാധനസാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല	1-17

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

ഭാഗം **4**

1	സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്	4-3
4	വായ്പ/വായ്പാ തിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം	4-7
8	ചാർജ്ജ്- സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ	4-10

അനുബന്ധം

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം
3	വാർഷിക കണക്കുകളുടെ സംക്ഷിപ്തം

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 17.06.2023 തീയതിയിലെ 1(3) നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 30.06.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തൃശ്ശൂർ

തീയതി : 04.10.2023

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

1-1-1 അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

1-1-2 ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് നെഗറ്റീവ് ബാലൻസ് കാണിക്കുന്നു

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-17 പ്രകാരം TSB-Joint Venture (PMAY) അക്കൗണ്ടിലെ ബാലൻസ് (-70000) രൂപ ആണ്. ബാലൻസ് നെഗറ്റീവ് ആയതിന് മറുപടി നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.03/07.07.23) 31.03.2023 ൽ സർക്കാർ പ്രസ്തുത അക്കൗണ്ടിലെ മുഴുവൻ തുകയും താത്കാലികമായി പിൻവലിച്ചതിനാലും 28.03.2023 ൽ 70000/- രൂപയുടെ 519894 നമ്പർ ചെക്ക് ട്രഷറിയിൽ സമർപ്പിച്ചത് അതേ മാസം തന്നെ പാസ്സാകാതിരുന്നതിനാലാണ് അക്കൗണ്ട് ബാലൻസ് നെഗറ്റീവ് ആയതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5637002 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 8220916 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല. (ഓഡിറ്റ് അന്വേഷണം നം. 03/07.07.2023)

1-1-4 ബാങ്ക് റീ കൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിന്റെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല (കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 57)).

ക്രമ നം.	ബാങ്ക്	അക്കൗണ്ട് നമ്പർ	റീകൺസീലിയേഷൻ തയ്യാറാക്കാത്ത മാസങ്ങൾ
1.	TSB	799013100000156	ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ

ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.3/07.07.2023) പ്രസ്തുത അക്കൗണ്ട് 2021-22 വർഷത്തേക്ക് സർക്കാർ അനുവദിച്ചതാണെന്നും, ഈ അക്കൗണ്ട് 31.03.2023 ൽ ക്ലോസ് ചെയ്തതിനാലാണ് റീ കൺസീലിയേഷൻ പത്രിക തയ്യാറാക്കാതിരുന്നതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ വാർഷികകണക്കിൽ ഉൾപ്പെടുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും റീ കൺസീലിയേഷൻ പത്രിക തയ്യാറാക്കി സൂക്ഷിക്കേണ്ടതിനാൽ പ്രസ്തുത ബാങ്ക് അക്കൗണ്ടിന്റെയും റീ കൺസീലിയേഷൻ പത്രിക തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1-1-5 സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് '0' ആണ്. എന്നിരുന്നാലും സെക്രട്ടറി സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ))
(ഓഡിറ്റ് അന്വേഷണം നം.3/07.07.2023)

1-1-6 Deposit Register, Advance Register എന്നിവ എഴുതി സൂക്ഷിക്കുന്നില്ല

Deposit Register, Advance Register എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. ആയതുമൂലം ഡെപ്പോസിറ്റ്, അഡ്വാൻസ് എന്നി ശീർഷകങ്ങളിലെ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
(ഓഡിറ്റ് അന്വേഷണം നം.3, തീയതി 07.07.2023)

1-1-7 ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും

മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്(ഓഡിറ്റ് അന്വേഷണം നം.03/07.07.2023).

1-1-8 ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തുന്നില്ല

2022-23 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വരവിനം	ഡിമാന്റ് ചേർക്കുന്ന ശീർഷകം	ഡിമാന്റ്	രേഖപ്പെടുത്തിയ തീയ്യതി	വൗച്ചർ
1.	കെട്ടിടങ്ങളിൽ നിന്നുള്ള വാടക (വാടക കെട്ടിടങ്ങൾ)	130100101-Rent From Building	1381995	31.03.2023	42200015

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ് (ഓഡിറ്റ് അന്വേഷണം നം.03/07.07.2023).

1-1-9 ജേണൽ വൗച്ചറുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം.03/07.07.2023).

1-1-10 ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ വാടക ഡിമാന്റ് രജിസ്റ്റർ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ആയതിനാൽ കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളുടെ വിഷയത്തിൽ മേൽനിർദ്ദേശം പാലിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം.03/07.07.2023).

1-1-11 സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വാടകയിനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011, കേരള

പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ആയത് നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.3/07.07.2023) സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

1-1-12 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഉണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/03/2023 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/03/2023 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഉണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല(ഓഡിറ്റ് അന്വേഷണം നം.03/07.07.23).

	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4			ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-17		
ക്രമ നമ്പർ	ശീർഷകം	ഇനം	തുക	ശീർഷകം	ബാങ്ക് അക്കൗണ്ട്	തുക
1	320200104 320200111 320200112	CFC Grant CFC Grant Tied CFC Grant UnTied	7993558+ 5267636+ 536410 = 13797604	450650103	113001000020197	13600973
2	320100115 320200319	TSC Solid Waste Management	2657223+ 47000 = 2704223	450610104	1097101050179	2684163

1-1-13 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ കൃത്യമല്ല

31/03/2022 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/03/2023 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

1-1-14 "280000000-Prior Period Item"- വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18)	31/3/2023 ലെ ലെഡ്ജർ ബാക്കി
280200401-Prior Period Income-Other Incomes	(380977)
280600401-Prior Period Expenses-Recovery Of Unutilised Grants To Government	211269
280800301-Prior Period-Operations And Maintenance Expenses	23660
280800701-Prior Period- Miscellaneous Expenses	(100)

(ഓഡിറ്റ് അന്വേഷണം നം.3/07.07.2023)

1-2 ബജറ്റ്

പാസാക്കിയ തിയതി	കമ്മിറ്റി തീരുമാനം	പ്രതീക്ഷിത വരവ്	പ്രതീക്ഷിത ചെലവ്
25.03.2022	1	30,58,64,250/-	30,63,36,698/-
റിവൈസ്ഡ് ബജറ്റ്			
പാസാക്കിയ തീയതി	കമ്മിറ്റി തീരുമാനം	പ്രതീക്ഷിത വരവ്	പ്രതീക്ഷിത ചെലവ്
22.02.2023	1(8)	159500224/-	158145960/-

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	3,63,06,576
വരവ്	83339026
ആകെ	119645602
ചെലവ്	77702024
നീക്കിയിരിപ്പ്	41943578

1-4 ഫണ്ട് വിനിയോഗം - എ.സി.ആർ പ്രകാരം

ഫണ്ടിനം	വരവ്	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട്-ജനറൽ	39173000	29123542	10049458
വികസനഫണ്ട്-എസ്.സി.പി	18971000	14457046	4513954
മെയിന്റനൻസ്-റോഡിതരം	8420000	8420000	0
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ബേസിക് ഗ്രാന്റ്	6366064	4930748	1435316
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ്	12444992	7234347	5210645

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചവ (എണ്ണം)	അടങ്കൽ (തുക)	നടപ്പിലാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം	നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം
132	150610105	96	81717948	54.26%	72.72%

1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.07.2023 തീയതിയിൽ 2:45 PM ന് സ്ഥാപന തലവനായ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ലെന്ന് ബോദ്ധ്യപ്പെട്ടു.

1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

1-8 വാടക കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്

വാർഷിക ധനകാര്യപത്രിക പ്രകാരം 2022-23 സാമ്പത്തികവർഷത്തിൽ വാടക കുടിശ്ശികയിനത്തിൽ താഴെ പറയുന്ന പ്രകാരം കുടിശ്ശിക കാണുന്നു.

ശീർഷകം	പേര്	തുക
431400101	Rent Receivables(current)	10,12,423/-
431400102	Rent Receivables(Arrear)	21,96421/-
	ആകെ	32,08,844/-

ബ്ലോക്ക് പഞ്ചായത്തിന്റെ തനതുവരുമാനമാണ് കെട്ടിടങ്ങളിൽ നിന്നുമുള്ള വാടക എന്നിരിക്കെ വാടക കൃത്യമായി പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വ്യക്തികളിൽ വാടക കുടിശ്ശിക സംബന്ധിച്ചതും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.4/07/07/2023) ആകെ 51 മുറികൾ ഉള്ളതിൽ 2022-23 സാമ്പത്തികവർഷത്തിൽ എറിയാട് എസ്.ജി.വൈ കെട്ടിടത്തിൽ 2 ഉം, വേക്കോട് വനിതാവ്യവസായ കേന്ദ്രത്തിൽ 3 ഉം, മതിലകം ബ്ലോക്ക് കോമ്പൗണ്ടിൽ 1 ഉം, SGSY കെട്ടിടത്തിൽ 7 ഉം ഉൾപ്പടെ ആകെ 13 മുറികൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും, പ്രസ്തുത സാമ്പത്തികവർഷം ആകെ 5 പേർ മാത്രമാണ് കരാർ പുതുക്കിയതെന്നും, ഒഴിഞ്ഞു കിടക്കുന്നതും 2022-23 സാമ്പത്തികവർഷം ഒരു രൂപ പോലും അടവാക്കാത്ത റൂം നം.17, 18, 19, 20, 21, 22, 24, 25, 26, 27, 28, 29, 30, 36, 42, 43, 44 വാടകക്കാരുമായി കേസ് നിലനിൽക്കുന്നതിനാൽ ഒഴിഞ്ഞു കിടക്കുകയാണെന്നും, വാടകയ്ക്ക് മുറി എടുക്കുകയും പുതുക്കാതിരുന്നതുമായ വ്യക്തികൾക്ക് നോട്ടീസ് അയച്ചിട്ടുള്ളതുമാണെന്നും, ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ മതിലകം ബ്ലോക്ക് കോമ്പൗണ്ടിലേയും, വേക്കോട് വനിതാവ്യവസായ കേന്ദ്രത്തിലെയും വാടകക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ലെന്നും, ഹൈക്കോടതിയിൽ നിന്നുമുള്ള സ്റ്റേ ഒരു വർഷത്തിലധികം നീണ്ടു പോയതിനാൽ ഒഴിഞ്ഞു കിടക്കുന്ന മുറികളുടെ ലേലം നടത്താൻ കഴിഞ്ഞില്ലെന്നും മറുപടി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ വാടകക്കാരുമായി ഓരോ വർഷവും വാടക കരാർ പുതുക്കേണ്ടതാണെന്നും കൂടാതെ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസ് തീർപ്പാകുന്ന മുറയ്ക്ക് ഒഴിഞ്ഞു കിടക്കുന്ന മുറികളുടെ ലേലം നടത്തി വിവരം അറിയിക്കേണ്ടതുമാണ്.

1-9 പൊളിച്ചുമാറ്റിയ സാമഗ്രികൾ-പുനരുപയോഗം/ലേലവിവരം അറിയിക്കേണ്ടതാണ്

അസി. എൻജിനീയർ നിർവ്വഹണം നടത്തിയ ഈ പ്രൊജക്ട് സംബന്ധിച്ച പൊതുവിവരങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്ട് നം.	167/22, 29/23
പ്രവൃത്തി	പെരിഞ്ഞനം സി.എച്ച്.സിയിൽ ഫാർമസി സ്റ്റോർ നിർമാണം
അടങ്കൽ, ഫണ്ട്	1500000/റോഡിതര സംരക്ഷണ ഗ്രാന്റ്
കരാറുകാരൻ	രഞ്ജിത്ത് ടി
കരാർ	12/AE/LSGD/MKM/22-23/2/3/22

അളവുപുസ്തകം	8/21-22, 14/21-22
ബിൽ സാങ്ഷൻ നം., തുക	222/22/12/22, 725770/ 5000/28/3/23, 487403/

മേൽ സൂചിപ്പിച്ച പ്രവൃത്തിയുടെ ഭാഗമായി 81.05 ച. മീറ്റർ റൂഫിങ് ഷീറ്റ്, 376.42 കി. ഗ്രാം സ്റ്റീൽ വർക്ക് പൊളിച്ചുമാറ്റിയത് എന്നിവ ലഭിച്ചിട്ടുണ്ട്.

11/7/23 ന് ബ്ലോക്ക് പഞ്ചായത്തിലെ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ പൊളിച്ചുമാറ്റിയ മേൽ സൂചിപ്പിച്ച സാമഗ്രികൾ ആശുപത്രിയുടെ പരിസരത്ത് സൂക്ഷിച്ചിട്ടുള്ളതായി കണ്ടു.

മേൽ സൂചിപ്പിച്ച വസ്തുക്കൾ പുനരുപയോഗം ചെയ്യുകയോ, ലേലം നടത്തി വിവരം അറിയിക്കുകയോ ചെയ്യേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം. 4/10/9/23).

1-10 പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	പട്ടികജാതി വികസന ഓഫീസർ
പ്രോജക്ട് നം./പേര്	52/23, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി ധനസഹായം
അടങ്കൽ	3000000 വികസന ഫണ്ട് (SCP)
ചെലവ്	1800000/-
ബിൽ നം./വൗച്ചർ നം./ചെക്ക് നം./തീയതി, തുക	12/28.1.23-750000/-, 14/27.2.23-525000/- 16/7.3.23-75000/-, 17/15.3.23-375000/- 18/20.3.23-75000/-
ഓഡിറ്റ് എൻക്വയറി നം./തീയതി	1/6.7.23

മേൽ പ്രൊജക്ട് പ്രകാരം 15 വിദ്യാർത്ഥികൾക്ക് പഠനമുറിക്ക് ധനസഹായം നൽകിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	വിദ്യാർത്ഥിയുടെ പേര്	മുൻകൂർ നൽകിയ തുക (28.01.23)	SCDO യുടെ 20.02.23ലെ റിപ്പോർട്ട്- പഠനമുറിയുടെ നിലവിലെ അവസ്ഥ	ഒന്നാം ഗഡു തുക/തീയതി
1	ശിവാനി എ. ബി	50000/-	ലിൻഡൽ വരെ പൂർത്തീകരിച്ചു	75000/15.03.23
2	ബിനിഷ കെ. ബി	50000/-	ലിൻഡൽ വരെ പൂർത്തീകരിച്ചു	75000/2702.23
3	കാവ്യ രാജേഷ്	50000/-	ലിൻഡൽ വരെ പൂർത്തീകരിച്ചു	75000/2702.23
4	വിൻഷ	50000/-	ലിൻഡൽ വരെ പൂർത്തീകരിച്ചു	75000/2702.23
5	ആര്യ	50000/-	ആരംഭിച്ചു	-
6	അനന്തകൃഷ്ണ ടി. കെ	50000/-	ആരംഭിച്ചു	75000/27.02.23
7	യാഷ് ചന്ദ്രൻ	50000/-	ആരംഭിച്ചു	75000/20.03.23

8	അനഘ കെ. ബി	50000/-	തറ പൂർത്തിയാക്കി	75000/15.03.23
9	ഉണ്ണിക്കണ്ണൻ ഒ. എം	50000/-	ലിൻഡൽ വരെ പൂർത്തീകരിച്ചു	75000/27.02.23
10	ശ്രീദർശ് ടി. പി	50000/-	ഭിത്തി പൊക്കം	75000/27.02.23
11	സൽജിത്ത് വി. എസ്	50000/-	ഭിത്തി പൊക്കം	75000/7.03.23
12	അഞ്ജലി സി. എം	50000/-	ഭിത്തി പൊക്കം	75000/15.03.23
13	ദിയകൃഷ്ണ പി. വി	50000/-	ലിൻഡൽ വരെ പൂർത്തീകരിച്ചു	75000/27.02.23
14	അപർണ്ണ ടി. എസ്	50000/-	ആരംഭിച്ചിട്ടില്ല	75000/15.03.23
15	ശ്രീഹരി പി. കെ	50000/-	ആരംഭിച്ചിട്ടില്ല	75000/15.03.23

അപാകങ്ങൾ

1) മേൽ 15 പേരുടെ പഠനമുറികളുടെ നിർമ്മാണം നാളിതുവരെയായിട്ടും പൂർത്തീകരിച്ചിട്ടില്ല.

2) പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ തീ. 28.05.22) ഖണ്ഡിക 7.2.13 പ്രകാരം 50000 രൂപ മുൻകൂറിന് ശേഷം ബന്ധപ്പെട്ട അസി. എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് തുടർന്നുള്ള രണ്ട് ഗഡുക്കളും (75000വീതം) അനുവദിക്കേണ്ടത്. എന്നാൽ പട്ടികജാതി വികസന ഓഫീസറുടെ 20.02.2023 ലെ റിപ്പോർട്ട് പ്രകാരമാണ് ഒന്നാം ഗഡു അനുവദിച്ചിട്ടുള്ളത്.

3) അപർണ്ണ ടി. എസ്, ശ്രീഹരി പി. കെ (ക്രമ നം.14, 15) എന്നിവരുടെ പഠനമുറി ആരംഭിച്ചിട്ടില്ല എന്ന പട്ടികജാതി വികസന ഓഫീസറുടെ റിപ്പോർട്ടിന് ശേഷം പിന്നീട് മൂല്യനിർണ്ണയം നടത്തിയതിന്റെ രേഖകളൊന്നും ഇല്ലാതെ തന്നെ ഒന്നാം ഗഡു അനുവദിച്ചിട്ടുണ്ട്. ക്രമ നം.5 ന് നിർമ്മാണം ആരംഭിച്ചിട്ടും തുക അനുവദിച്ചിട്ടുമില്ല.

മേൽ അപാകങ്ങളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 ഡീസൽ ജനറേറ്റർ സ്ഥാപിക്കൽ-നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	സി.എച്ച്.സി സൂപ്രണ്ട്
പ്രോജക്ട് നം./പേര്	74/23- പെരിഞ്ഞനം സി.എച്ച്.സി ക്ക് ഡീസൽ ജനറേറ്റർ സ്ഥാപിക്കൽ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ
അടങ്കൽ	660000/- (മെയിന്റനൻസ് ഫണ്ട്- നോൺറോഡ്)
ചെലവ്	660000/-
ബിൽ നം./വൗച്ചർ നം/ചെക്ക് നം./തീയതി , തുക	302/07.02.23, 492000/- 442/16.03.23, 168000/-
ഓഡിറ്റ് എൻകുയറി നം./തീയതി	13/11.07.23

പെരിഞ്ഞനം സി.എച്ച്.സി ക്ക് ഡീസൽ ജനറേറ്റർ വാങ്ങി സ്ഥാപിച്ചതുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു

1) പെരിഞ്ഞനം സി.എച്ച്.സി ക്ക് "ഡീസൽ ജനറേറ്റർ സ്ഥാപിക്കൽ" എന്ന പ്രോജക്ടിന്റെ ടെണ്ടർ നോട്ടീസിലും

പത്രപരസ്യത്തിലും ഡീസൽ ജനറേറ്ററിന്റെ ലഭ്യമാക്കൽ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ.

2) ഡീസൽ ജനറേറ്ററിന്റെ ലഭ്യമാക്കലിന് ടെണ്ടർ ക്ഷണിക്കുകയും രണ്ട് ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത Powermech Diesels, Cochin എന്ന സ്ഥാപനത്തിൽ നിന്നും 492000/- രൂപക്ക് ജനറേറ്റർ വാങ്ങിക്കുകയും ചെയ്തു. തുടർന്ന് ജനറേറ്ററിന്റെ ഇൻസ്റ്റലേഷൻ നിർവ്വഹിച്ചത് സപ്ലൈ ചെയ്ത സ്ഥാപനം തന്നെയാണ്. ആയതിന് 168000/- രൂപയുടെ ചെലവ് ഉണ്ടായിട്ടും ടെണ്ടർ നടത്തിയിട്ടില്ല.

3) ജനറേറ്ററിന്റെ വാങ്ങലിനും സ്ഥാപിക്കലിനുമായി 660000 രൂപയുടെ ചെലവ് ഉണ്ടായിട്ടും ഇവ രണ്ടും ഒരുമിച്ച് ഉൾപ്പെടുത്തി മത്സരാധിഷ്ഠിത ഇ-ടെണ്ടർ നടത്തിയില്ല. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ഇതിലും കുറഞ്ഞ തുകയുടെ ടെണ്ടർ ലഭിക്കുമായിരുന്നു.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-12 കോൺഫറൻസ് ഹാൾ അടിസ്ഥാന സൗകര്യം ഒരുക്കൽ - അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	സി.എച്ച്.സി സൂപ്രണ്ട്
പ്രോജക്ട് നം./പേര്	122/23, സി.എച്ച്.സി പെരിഞ്ഞനം-കോൺഫറൻസ് ഹാൾ-ആവശ്യമായ ഫർണ്ണീച്ചറുകൾ, ഉപകരണങ്ങൾ അനുബന്ധ സാമഗ്രികൾ വാങ്ങൽ മറ്റു അടിസ്ഥാന സൗകര്യം ഒരുക്കി ആധുനികവൽക്കരിക്കൽ
അടങ്കൽ	വികസന ഫണ്ട് (CFC ഗ്രാന്റ്) -350000 മെയിന്റനൻസ് ഫണ്ട് നോൺറോഡ്-600000 ആകെ 950000
ചെലവ്	950000
ബിൽ നം./വൗച്ചർ നം./ചെക്ക് നം./തീയതി, തുക	235/29.12.22-79890, 244/31.12.22-449704, 258/10.1.23-67374, 303/7.2.23-320000, 304/7.2.23-4500,353/27.2.23-3032, 354/27.2.23-25500

മേൽ പറഞ്ഞ പ്രോജക്ടിൽ 449704 രൂപയുടെ ഫർണീച്ചറുകളുടേയും 79890 രൂപയുടെ ഇലക്ട്രിക് ഉപകരണങ്ങളുടേയും വാങ്ങൽ ഒഴികെ സി.എച്ച്.സി യുടെ കോൺഫറൻസ് ഹാളിന്റെ അടിസ്ഥാന സൗകര്യം ഒരുക്കൽ (420406 രൂപയുടെ പ്രവൃത്തി) എന്നത് സിവിൽ പ്രവൃത്തിയിൽ ഉൾപ്പെടുന്നു. ആയതിന്റെ നിർവ്വഹണം സി.എച്ച്.സി സൂപ്രണ്ടിനെ ഏൽപ്പിച്ചത് ശരിയായ നടപടിയല്ല. ഇത് മത്സരാധിഷ്ഠിത ഇ ടെണ്ടർ നടത്തി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിക്കേണ്ട പ്രവൃത്തിയായിരുന്നു. ഇതിൽ 320000 രൂപയുടെ അലുമിനിയം ഫാബ്രിക്കേഷൻ മാത്രമാണ് ടെണ്ടർ വിളിച്ച് നടത്തിയത്. മറ്റ് പ്രവൃത്തികൾ ടെണ്ടറിൽ ഉൾപ്പെടുത്തിയിട്ടില്ല. വിവിധ ഘടകങ്ങൾ ഉൾപ്പെട്ടിട്ടുള്ള ഈ പ്രോജക്ടിന്റെ പദ്ധതി നിർവ്വഹണം സാങ്കേതിക പരിജ്ഞാനമുള്ളവരെ ഏൽപ്പിക്കേണ്ടതാണ്.

1-13 മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്

സി.എച്ച്.സി സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായി മരുന്നുകൾ വാങ്ങുന്നതിന് 2022-23 സാമ്പത്തികവർഷം ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് പ്രസ്തുത പദ്ധതികളിൽ മരുന്ന് വാങ്ങുന്നതിന് താഴെ പറയും പ്രകാരം തുക കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1)

പ്രൊജക്ട് നം.	S0038/23

പ്രൊജക്ടിന്റെ പേര്	ബ്ലോക്ക്തല സാന്ത്വന പരിചരണം (സെക്കന്ററി പാലിയേറ്റിവ് കെയർ)
ആകെ അടങ്കൽ	12,00,000/- വികസന ഫണ്ട് (ജനറൽ)
ചെലവ്	12,00,000/-

ക്രമ നം.	മരുന്ന് വാങ്ങുന്നതിന് നൽകിയ തുക	ട്രഷറി ബിൽ നം.	ലഭിച്ചത്	ലഭിക്കാനുള്ളത്
1	700000 /-	179/28.11.22	315437/-	384563/-
2	118400/-	360/27.02.2023	111435/-	6965/-
ആകെ	818400		426872/-	391528/-

2)

പ്രൊജക്ട് നം.	S0018/23
പ്രൊജക്ടിന്റെ പേര്	പെരിഞ്ഞനം സി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ
ആകെ അടങ്കൽ	ആകെ 1400000/- (വികസന ഫണ്ട് (CFC BASIC GRANT) – 5,00,000/- മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) 9,00,000/-)
ചെലവ്	14,00,000/-

ക്രമ നം.	മരുന്ന് വാങ്ങുന്നതിന് നൽകിയ തുക	ട്രഷറി ബിൽ നം.	ലഭിച്ചത്	ലഭിക്കാനുള്ളത്
1	204120/-	123/21.10.22	150403/-	53717/-

3)

പ്രൊജക്ട് നം.	S0019/23
നിർവ്വഹണ ഉദ്യോഗസ്ഥൻ	സൂപ്രണ്ട് (സി.എച്ച്.സി)
ആകെ അടങ്കൽ	1008000/-മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്)
ചെലവ്	1008000/-

ക്രമ നം.	മരുന്ന് വാങ്ങുന്നതിന് നൽകിയ തുക	ട്രഷറി ബിൽ നം.	ലഭിച്ചത്	ലഭിക്കാനുള്ളത്
1	253205 /-	356/27.11.22	53205/-	200000/-

